**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6394** **10-07-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മൊഗ്രാൽ പുത്തൂർ - ചേരകൈ കടപ്പുറം ലൈറ്റ് ഹൗസ് പള്ളം റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കടലിനോട് തൊട്ടുരുമ്മി നിൽക്കുന്ന കാസർഗോഡ് മൊഗ്രാൽ പുത്തൂർ-ചേരകൈ കടപ്പുറം ലൈറ്റ് ഹൗസ് പള്ളം റോഡ് പുനർ നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്ന് എപ്പോഴെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്ന് തുക വകയിരുത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത റോഡിന് പൊതുമരാമത്ത് വകുപ്പ് എന്നെങ്കിലും തുക അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് പ്രവൃത്തി ചെയ്യാൻ പറ്റാത്ത സ്ഥിതി ഉണ്ടാകുകയും ചെയ്തിട്ടുണ്ടോ; | (ബി) | കാസർഗോഡ് പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗത്തിന്റെ കീഴിൽ 2023-24 വർഷത്തിലെ RC2 zone 2 പ്രവൃത്തിയിൽ 19 റോഡുകൾക്കായി 60 ലക്ഷം രൂപയുടെ ഭരണാനുമതി പൊതുമരാമത്ത് വകുപ്പ് നൽകിയിരുന്നു. ഈ 19 റോഡുകളിൽ മൊഗ്രാൽ-പുത്തൂർ-ചേരംകൈ കടപ്പുറം റോഡും ഉൾപ്പെട്ടിട്ടുണ്ട്. പക്ഷേ പ്രസ്തുത പ്രവൃത്തിയിൽ ജംഗിൾ ക്ലിയറൻസ് മാത്രമാണ് പൊതുമരാമത്ത് വകുപ്പ് നടത്തിയിട്ടുള്ളത്. |
| (സി) | കടലിനോട് തൊട്ടുരുമ്മി നിൽക്കുന്ന റോഡ് ആയിട്ടും ഈ റോഡ് ഇതുവരെ ഹാർബർ എഞ്ചിനീയറിംഗ് പുനർ നിർമ്മിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (സി) | ബന്ധപ്പെട്ട എം.എൽ.എ. നൽകുന്ന മുൻഗണനാക്രമം കൂടി പരിഗണിച്ചാണ് പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നത്. ബന്ധപ്പെട്ട ശീർഷകത്തിലെ ധനലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തികൾ നടപ്പാക്കി വരുന്നുണ്ട്. |
| (ഡി) | ഇതു പൊതുമരാമത്ത് റോഡാണെങ്കിൽ ഹാർബർ എഞ്ചിനീയറിഗിന് കൈമാറി താമസംവിന പുനർനിർമ്മാണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | പൊതുമരാമത്ത് വകുപ്പാണ് റോഡ് കൈമാറേണ്ടത്. |

സെക്ഷൻ ഓഫീസർ